കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/1546/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 17.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/1546/2019 തീയ്യതി: 17.10.2019

## കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.11.18 മുതൽ 17.08.19 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ശശികുമാർ എം പി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.08.19 മുതൽ 31.08.19 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ സത്യാനന്ദൻ സി വി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ ലീലാകൃഷ്ണൻ എൻ എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി സബിത കെ | ഓഡിറ്റർ |
| | | ശ്രീമതി ബിസ്മി എസ്. നായർ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഇ പി ഓമന | 01.04.18. മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ കെ വി പ്രകാശൻ | 01.04.18 മുതൽ 31.03.19 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ കെ വി പ്രകാശൻ | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. റാഷിദ് കെ ടി | 01.04.18 മുതൽ 30.04.18 വരെ |
| | .ശ്രീമതി മിനി കെ വി | 01.05.18 മുതൽ 27.06.18 വരെ |
| | ശ്രീമതി ശ്രീജയ ടി പി | 28.06.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ കൃഷ്ണദാസ് പി | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ലത പി | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ (കല്ല്യാശ്ശേരി) | ശ്രീ ഗണേശൻ എം വി | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ (ഇരിണാവ്) | ശ്രീമതി ജീജ | 01.04.18 മുതൽ 31.03.19 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി അമ്പിളി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. രശ്മി മാത്യു | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. രാമചന്ദ്രൻ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ ഡോളി അഗസ്റ്റിൻ | 01.04.18 മുതൽ 07.05.18 വരെ<br>28.05.18 മുതൽ 17.09.18 വരെ |
| | ഡോ എ വിജയ | 08.05.18 മുതൽ 27.05.18 വരെ |
| | | |

| | | |
|---|---|---|
| | ഡോ ഷേർണ | 18.09.18 മുതൽ 04.10.18 വരെ |
| | ഡോ ലേഖ പി കെ | 05.10.18 മുതൽ 31.03.19 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി ബീന എം എം | 01.04.18 മുതൽ 31.03.19 വരെ |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | ശ്രീ രജീഷ് | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ദിജേഷ് കെ | 01.04.18 മുതൽ 24.06.18 വരെ |
| | ശ്രീ ജോസ് | 25.06.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകങ്ങൾ |
| 12 | 1-12 | ഗ്രാമസഭ |
| 13 | 1-13 | പൗരാവകാശരേഖ |
| 14 | 1-14 | തെരുവ് വിളക്കുകളുടെ പരിപാലനം – അപാകങ്ങൾ |
| 15 | 1-15 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-അപാകങ്ങൾ |
| 16 | 1-16 | "പുതിയ തുറന്ന കിണർ" പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ |
| 17 | 1-17 | ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല |
| 18 | 1-18 | നെൽകൃഷി-തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ് |
| 19 | 1-19 | പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പൊതുകാര്യക്ഷമത |

| | | |
|---|---|---|
| 20 | 1-20 | മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ കാലാവധി ദീർഘീകരണം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. |
| 21 | 1-21 | കല്ല്യാശ്ശേരി വനിതാ വ്യവസായ കേന്ദ്രം പൂർത്തീകരണം (ചെക്കിക്കുണ്ട്) പ്രോജ്കട് ബിഡ്ഡേഴ്സ് ഒപ്പിടാത്ത ടെണ്ടർ ഫോറങ്ങൾ സ്വീകരിച്ച് അംഗീകരിച്ചു. |
| 22 | 1-22 | ഫിഷറീസ് സബ് ഇൻസ്പെക്ടർ - രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 23 | 1-23 | ബാലസഭാ ശാക്തീകരണം പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല |
| 24 | 1-24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 25 | 1-25 | കുട്ടികളുടെ സഹവാസ ക്യാമ്പ്-മാർഗരേഖ വ്യതിചലനം |
| 26 | 1-26 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ- സ്ഥാപനങ്ങൾ കാലാവധി തീരാറായ മരുന്നുകൾ വിതരണം ചെയ്യുന്നു |
| 27 | 1-27 | ആരോഗ്യ മേഖല - വിവിധ പദ്ധതികളിൽ മരുന്ന് ലഭ്യമായില്ല – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| | | **ഭാഗം -2**<br>ഇല്ല |
| | | **ഭാഗം -3**<br>ഇല്ല |
| 28 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരങ്ങൾ |
| 29 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ |
| 32 | 4-5 | വായ്പ , വായ്പ തിരിച്ചടവ് |
| 33 | 4-6 | സ്ഥിരനിക്ഷേപങ്ങൾ, ഇൻവെസ്റ്റ്മെന്റുകൾ |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 36 | 4-9 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 39 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 40 | അനുബന്ധം-2-1 | ബാലൻസ് ഷീറ്റ് |
| | | |

| | | |
|---|---|---|
| 41 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റ് |
| 42 | അനുബന്ധം-2-3 | റസിറ്റ് & പെയ്മെന്റ്സ്റ്റേറ്റ് മെന്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22.03.2018 തീയതിയിലെ 53/18 തീരുമാന പ്രകാരം ബജറ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.02.19 തീയ്യതിയിലെ 56/2019 തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്.

| ഇനം | ബജറ്റ് തുക |
|---|---|
| പ്രാരംഭബാക്കി | 28502176.57 |
| പ്രതീക്ഷിത വരവ് | 146671000.00 |
| ആകെ വരവ് | 175173176.57 |
| പ്രതീക്ഷിത ചെലവ് | 172055000.00 |
| നീക്കിയിരിപ്പ് | 3118176.57 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് 06.03.18ന് മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്നും മാർച്ച് 31നകം പാസ്സാക്കണമെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും മാർച്ച് മാസത്തിലെ മൂന്നാമത്തെ ആഴ്ചയിലാണ് ബജറ്റ് അവതരിപ്പിച്ചത് (21-3-2018 ന് ). 22.03.18 ന് ബജറ്റ് അംഗീകരിക്കുകയും ചെയ്തു. ബജറ്റ് 22-3-2018 ന് ഭരണസമിതി യോഗത്തിൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും 214- ാം വകുപ്പ് ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| | | | |
|---|---|---|---|

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06-05-2019 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25322043.11 |
| വരവ് | 85554861 |
| ആകെ | 110876904.11 |
| ചെലവ് | 79138611.00 |
| നീക്കിയിരിപ്പ് | 31738293.11 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14300172 | 14300172 | 14300172 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3810000 | 3810000 | 2781642 | 1028358 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 193000 | 193000 | 0 | 193000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4976000 | 4976000 | 4976000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3345000 | 3345000 | 3132750 | 212250 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br><br>(ACR പ്രകാരം) | 0 | 6624000 | 6624000 | 6624000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 25877 | 15792 | 41669 | 20000 | 21669 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10799680 | 10799680 | 10799680 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 377 | 332889 | 333266 | 329500 | 3766 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടി എസ് സി | | 2290054 | 0 | 2290054 | 0 | 2290054 |
| എസ്.എസ്.എ | | 819325 | 807825 | 1627150 | 1227375 | 399775 |
| ഐ.സി.ഡി.എസ് | | | 1237375 | 1237375 | 1237375 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കേരളോൽസവം | | 0 | 0 | 0 | 0 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 42120 | 42120 | 42120 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 150000 | 150000 | 150000 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 30490800 | 30490800 | 30490800 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | | 0 | 6684800 | 6684800 | 6684800 | 0 |
| വിധവ പെൻഷൻ | | 0 | 12238900 | 12238900 | 12238900 | 0 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | | 0 | 2064400 | 2064400 | 2064400 | 0 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | | 0 | 3172800 | 3172800 | 3172800 | 0 |
| നെൽകൃഷി കൂലി ചെലവ് | | 0 | 53000 | 53000 | 53000 | 0 |
| ഖരമാലിന്യ സംസ്കരണം | | 0 | 18000 | 18000 | 18000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1500018 | 1817110 | 3317128 | 2317110 | 1000018 |
| | ജില്ലാ പഞ്ചായത്ത് | 2650762 | 1544895 | 4195657 | 1635700 | 2559957 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) ( ജനറൽ പർപ്പസ് ഗ്രാന്റ് 11219935 | | 1823399 | 34710179 | 36533578 | 24950782 | 11582796 |

| | | | | | |
|---|---|---|---|---|---|
| രൂപ ഉൾപ്പെടെ) | | | | | |
| മറ്റിനം (ഗുണഭോക്തൃ വിഹിതം) | 186577 | 853825 | 1040402 | 915925 | 124477 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് | നടപ്പാ ക്കാത്തത് | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 246 | 9,82,72,486 | 181 | 62981339 | 58 | 32 | 63 |

(എ) വിവിധ ഫണ്ടുകളിൽ നിന്ന് വകയിരുത്തിയ അടങ്കൽ തുക പൂർണ്ണമായും തൻവർഷം തന്നെ വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

തൻവർഷം രൂപീകരിച്ച 246 പ്രോജക്ടുകൾക്കായി ആകെ 98272486 രൂപ അടങ്കൽ നിശ്ചയിച്ചിരുന്നുവെങ്കിലും പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 62981339 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത് .വിവിധയിനം ഫണ്ടുകളുടെ അടങ്കൽ തുക, ചെലവ് തുക, ചെലവ് ശതമാനം തുടങ്ങിയവ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതുവിഭാഗം) | 16880310 | 14300172 | 84.72 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 4505000 | 2781642 | 61.75 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | 193000 | 0 | 0 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 10643844 | 6624000 | 62.23 |
| 5 | കേന്ദ്രാവിഷ്കൃതഫണ്ട് | 1237375 | 1237375 | 100 |
| 6 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 2250000 | 1931719 | 85.85 |
| 7 | തനത് ഫണ്ട് | 36393271 | 20983591 | 57.66 |
| 8 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 2631300 | 2317110 | 88.05 |
| 9 | ജില്ലാപഞ്ചായത്ത് ഫണ്ട് | 4474074 | 1635700 | 36.56 |
| 10 | മെയിന്റനൻസ് ഫണ്ട് (റോഡ് ) | 9001000 | 4976000 | 55.28 |
| 11 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4232000 | 3132750 | 74.02 |
| | | | | |

| | | | | |
|---|---|---|---|---|
| 12 | മറ്റുള്ളവ | 5831312 | 3061280 | 52.49 |
| | ആകെ | 98272486 | 62981339 | 64.08 |

ആകെ അടങ്കൽ തുകയിൽ ഉൾപ്പെട്ട എല്ലായിനം ഫണ്ടുകളും ഉപയോഗിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹിക്കുകയും പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

(ബി) തൻ വർഷം രൂപീകരിക്കപ്പെട്ട് ഡിപിസി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായി നിർവ്വഹണത്തിലെത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെയും ഫണ്ട് ചെലവഴിച്ചതിന്റെയും വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം | പ്രോജക്ട് അടങ്കൽ തുക | പ്രോജക്ട് ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 8 | 67 | 4459350 | 4006300 | 90 |
| വെറ്റിനറി സർജ്ജൻ | 7 | 7 | 100 | 1953760 | 1951460 | 99.9 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 9 | 7 | 77.8 | 1761800 | 1155407 | 65.6 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 100 | 499000 | 496036 | 99.4 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 2 | 50 | 1281000 | 1216369 | 94.9 |
| സബ്ബ് ഇൻസ്പക്ടർ, ഫിഷറീസ് | 1 | 1 | 100 | 80000 | 23994 | 30 |
| വി ഇ ഒ 1 | 18 | 11 | 61 | 12662005 | 9101040 | 71.9 |
| വി ഇ ഒ 2 | 8 | 4 | 50 | 1774700 | 690897 | 38.9 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 10 | 100 | 5836975 | 5571006 | 95.4 |
| ഹെഡ്മിസ്ട്രസ് | 12 | 9 | 75 | 2257836 | 1872180 | 82.9 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 100 | 330000 | 330000 | 100 |
| സെക്രട്ടറി | 21 | 17 | 81 | 4480149 | 3150528 | 70.3 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 129 | 91 | 70.5 | 59281379 | 32012738 | 54 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 88.9 | 1614532 | 1403384 | 86.9 |
| ആകെ | 246 | 181 | 73.6 | 98272486 | 62981339 | 64.08 |

അംഗീകാരം ലഭിച്ച മുഴവൻ പ്രോജക്ടുകളുടെയും നിർവ്വഹണം സമയബന്ധിതമായി നടത്താനും ഫണ്ടുകൾ പൂർണ്ണമായും അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

(സി) പ്രോജക്ടുകളുടെ നിർവ്വഹണം -മേഖലാടിസ്ഥാനത്തിൽ

മേഖലാടിസ്ഥാനത്തിൽ പ്രോജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വിഭാഗം | പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം | പ്രോജക്ടുകളുടെ അടങ്കൽ തുക | പ്രോജക്ടുകളുടെ ചെലവ് തുക | ചെലവ് തുക ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം ഉല്പാദനം | 35 | 23 | 65.71 | 10052224 | 7018074 | 69.82 |
| പൊതുവിഭാഗം സേവനം | 87 | 64 | 73.56 | 41901655 | 26201938 | 62.53 |
| പൊതുവിഭാഗം പശ്ചാത്തലം | 103 | 77 | 74.76 | 41525060 | 26937841 | 64.87 |
| പട്ടികജാതി വിഭാഗം സേവനം | 17 | 15 | 88.23 | 4090672 | 2528030 | 61.79 |
| പട്ടികജാതി വിഭാഗം പശ്ചാത്തലം | 3 | 2 | 66.66 | 509875 | 295456 | 57.95 |
| പട്ടിക വർഗ്ഗം | 1 | 0 | 0 | 193000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സേവനം | | | | | | |
| ആകെ | 246 | 181 | 73.58 | 98272486 | 62981339 | 64.08 |

മേഖലാടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം പരിശോധിക്കുമ്പോൾ 2018-19 വർഷത്തിൽ ഉല്പാദന മേഖലയിൽ 69.82% വും, സേവന മേഖലയിൽ 62.83% വും ,പശ്ചാത്തല മേഖലയിൽ64.87% വും ലക്ഷ്യം കൈവരിക്കാനേ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചക്കും അടിസ്ഥാന പശ്ചാത്തല മേഖലകൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിലൂടെയും ഘടക സ്ഥാപനങ്ങളിലൂടെയും ജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേന്മയിലും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് കൂടുതൽ സേവന പ്രധാനമായ പ്രോജക്ടുകൾ ഇനിയും ഉണ്ടാവണം.

(ഡി)സദ്ഭരണം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ- മാർഗ്ഗ നിർദ്ദേശങ്ങളിലെ (ജി.ഒ(എം.എസ്) നം.72/2017/തസ്വഭവ, തീയ്യതി 29.03.2017) ഖണ്ഡിക 13.7 പ്രകാരം സുതാര്യത, ജനപങ്കാളിത്തം, തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമതയും നീതിപൂർവ്വകവും നിയമവാഴ്ചയിൽ അധിഷ്ഠിതവുമായ ഒരു ഭരണം കാഴ്ചവെക്കുന്നതിനായി ഒരോ തദ്ദേശഭരണസ്ഥാപനവും സദ്ഭരണത്തിനായി ഒരു പദ്ധതി രൂപപ്പെടുത്തി പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതും അതിനനുസൃതമായി പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. എന്നാൽ സദ്ഭരണത്തിനായി പ്രത്യേകമായി ഒരു പദ്ധതി രൂപപ്പെടുത്തിയിട്ടില്ല. ഘടക സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് ഐ എസ് ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമായി രൂപീകരിച്ച പ്രോജക്ടുകൾ സദ്ഭരണത്തിന്റെ ലക്ഷ്യം നേടുന്നതിന് കൂടി സഹായകമായിട്ടുണ്ട്.

(എഫ്) നൂതന പ്രോജക്ട്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ- മാർഗ്ഗ നിർദ്ദേശങ്ങളിലെ (ജി.ഒ(എം.എസ്) നം.72/2017/തസ്വഭവ, തീയ്യതി 29.03.2017) ഖണ്ഡിക 3.8.4 പ്രകാരം സാധാരണ പ്രോജക്ടിൽ നിന്നും വ്യത്യസ്തമായി ഒരോ തദ്ദേശഭരണസ്ഥാപനവും നൂതന പ്രോജക്ട് രൂപപ്പെടുത്തി പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതും അതിനനുസൃതമായി പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്. എന്നാൽ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് അത്തരത്തിലുള്ള നൂതന പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 10799680 | 10799680 | 10799680 | 0 |
| ഭരണച്ചെലവുകൾ | 377 | 332889 | 333266 | 329500 | 3766 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 42120 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 66,84,800 | 523 |
| വിധവാ പെൻഷൻ | 1,22,38,900 | 992 |
| വാർദ്ധക്യകാല പെൻഷൻ | 3,04,90,800 | 2403 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3,17,28,00 | 242 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 20,64,400 | 169 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.19 ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15440രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് വഴി വ്യക്തമായി വിഭജിച്ച് നൽകുകയും ഓഫീസ് പ്രവർത്തനം സാമാന്യം നിരാക്ഷേപമായും കാര്യക്ഷമമായും നടത്തിവരികയും ചെയ്യുന്നുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം കൃത്യമായി ചേർന്നിട്ടുണ്ട്.

സൂചികാ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ജീവനക്കാർ തൻ പതിവേട് പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല. ജനങ്ങൾക്ക് പ്രയോജനകരമാകുംവിധത്തിൽ ഫ്രണ്ട് ഓഫീസിൽ ഭൗതിക സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ്സ് ജീവനക്കാരുടെ ചുമതലാ പട്ടിക തയ്യാറാക്കുകയും അതനുസരിച്ച് ചുമതലാനിർവ്വഹണം നടക്കുകയും ചെയ്യുന്നുണ്ട്. സാമൂഹിക സുരക്ഷാ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുകയും പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി നൽകുകയും തിരിച്ചേൽപ്പിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അവശ്യം വേണ്ടുന്ന എല്ലാ രജിസ്റ്ററുകളും ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.08.19 | 6/19,7/19 | 14.08.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.08.15 മുതൽ 31.08.15 വരെ | 2010-11 മുതൽ 14-15 വരെ | 13.10.15 |

# 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കലക്ഷൻ നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-12 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 അനുസരിച്ച് ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ ചേരണം. കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ 18 ഗ്രാമസഭകൾ 5/2018, 11/2018, 3/2019 എന്നിങ്ങനെ മൂന്ന തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് . തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 3.8.2004 ലെ സർക്കുലർ നമ്പർ 22675/എൽ 3/99 പ്രകാരം ഗ്രാമ സഭാ യോഗങ്ങളുടെ 4 പ്രധാന ചുമതലകൾ ചുവടെ കൊടുക്കുന്നു.

1. ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെ വികസന പ്രവർത്തനങ്ങളുടെ അവലോകനവും നടപ്പ് വാർഷിക പദ്ധതി പ്രോജക്റ്റ് നിർദ്ദേശങ്ങളും.

2. രണ്ടാമത്തെ ഗ്രാമസഭ- അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ ചർച്ചയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും

3. മൂന്നാമത്തെഗ്രാമസഭ- നടപ്പ് വാർഷിക പദ്ധതി നിർവ്വഹണവും ഗ്രാമപഞ്ചായത്തുകളിലെ സ്ഥാപനങ്ങളുടെ അവലോകനവും.

4 . നാലാമത്തെ ഗ്രാമസഭ- പദ്ധതി പുരോഗതി അവലോകനവും സോഷ്യൽ ഓഡിറ്റും.

മേൽ പറഞ്ഞതു പ്രകാരം അക്ഷരാർത്ഥത്തിൽ ഗ്രാമസഭകൾ നടത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ഗ്രാമസഭാ യോഗങ്ങളിലെ ജനപങ്കാളിത്തം 10% നും 15.5% നും ഇടയിലാണ് . ഗ്രാമസഭയുടെ കോറം 10% ആണെങ്കിലും ഗ്രാമസഭാംഗങ്ങളിൽ 25% പേരെയെങ്കിലും ഗ്രാമസഭായോഗങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുള്ള പ്രവർത്തനം വാർഡുമെമ്പറുടെ നേതൃത്വത്തിൽ നടത്തുവാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കും.

# 1-13 പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന

പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക ഗ്രാമപഞ്ചായത്ത് 2017-18ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1-14 തെരുവ് വിളക്കുകളുടെ പരിപാലനം - അപാകങ്ങൾ

എ) തെരുവ് വിളക്കുകളുടെ പരിപാലനം ലക്ഷ്യമിട്ട് ഓഡിറ്റ് വർഷത്തിൽ താഴെ പട്ടികയിൽ കൊടുത്ത പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ | പ്രോജക്ട് നമ്പർ , പേര് | അടങ്കൽ |
|---|---|---|
| 1 | 08/2018-19,<br>തെരുവ് വിളക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് | 104500<br>തനത് ഫണ്ട് |
| 2 | എസ്.ഒ213 /18-19<br>തെരുവ് വിളക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ( സ്പിൽ ഓവർ) | 207500 (തനതു ഫണ്ട്) |

മേൽ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകങ്ങൾ കണ്ടു.

1)തെരുവ് വിളക്കുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി ഉപയോഗിച്ച സാമഗ്രികൾ ഐ.എസ്.ഒ നിലവാരത്തിലുള്ളവയാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല

2)തെരുവു വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും (സർക്കുലർ നമ്പർ 3055/ഡി.എ3/2011/തസ്വഭവ തീ.15.09.2011 പ്രകാരമുള്ളത് )30.12.2018 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേയുള്ളൂ.

3)ഉപയോഗ ശൂന്യമായ സാധനസാമഗ്രികൾ കരാറുകാരൻ പഞ്ചായത്തിൽ തിരിച്ചേല്പിക്കാറുണ്ടോയെന്ന് വ്യക്തമല്ല.

4)റിപ്പയർ ചെയ്ത/മാറ്റിയ സാധന സാമഗ്രികളുടെ കണക്ക് സൂക്ഷിച്ചിട്ടുണ്ടോ, ആവക സാധന സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നും വ്യക്തമല്ല.

ഓഡിറ്റ് വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ) ₹312000 ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ(18-19) റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ എണ്ണം എത്രയെന്ന് പരാതി രജിസ്റ്ററിൽ നിന്നു വ്യക്തമല്ല. ആയതിനാൽ തെരുവു വിളക്കുകളുടെ പരിപാലനത്തിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ചെയ്യുന്നത് സ്ഥാപനത്തിന് ഗുണമാണോ എന്ന കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.12/18-19 തീ.29.08.2019) ലഭിച്ച മറുപടിയിൽ, മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ സാധന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ടെന്നും റിപ്പയറിങ്ങിനു ശേഷം ഉപയോഗശൂന്യമായവ പഞ്ചായത്തിന് ബാദ്ധ്യതയാകുന്നതിനാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ നിർമാർജനം ചെയ്യുകയുമാണ് പതിവ് എന്ന് അറിയിച്ചിട്ടുണ്ട്. റിപ്പയർ ചെയ്ത സാധനസാമഗ്രികൾ സംബന്ധിച്ച കണ്, സ്റ്റോക്ക് വിശദാംശങ്ങൾ സംബന്ധിച്ച കണക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

<u>ബി. എൽ.ഇ.ഡി. ലാമ്പുകളുടെ ഉപയോഗം സംബന്ധിച്ച്.</u>

തെരുവുവിളക്കുകളുടെ വിശദ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ നിലവിലുള്ള വിളക്കുകളുടെ ഇനവും എണ്ണവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 01 | ഓർഡിനറി ബൾബ് | 14 |
| 02 | സോഡിയം വേപ്പർ ലാമ്പ് | 06 |
| 03 | സിഎഫ് എൽ | 525 |
| 04 | എൽ ഇ ഡി | 358 |
| 05 | ഇനം വ്യക്തമല്ല | 180 |
| 06 | ഫ്ലൂറസെന്റ് ട്യൂബ് | 279 |
| | ആകെ | 1362 |

എൽ.ഇ.ഡി. ലാമ്പുകൾ മറ്റ് ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടുതലുള്ളതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിനാൽ സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നല്കണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗരേഖയിൽ [ജിഒ(എംഎസ്) 22/2018 ത.സ്വ.ഭ.വ തീ.14.02.2018 ഖ.7.9.2 ] വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മറ്റ് ലാമ്പുകൾ ഉപയോഗ ശൂന്യമാകുന്ന മുറയ്ക്ക് വൈദ്യുതി ഉപഭോഗം കുറഞ്ഞതും ആയുസ്സ് കൂടുതലുള്ളതുമായ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 1-15 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| പ്രൊജക്റ്റ് നമ്പർ | 24/19 |
| നിർവ്വഹണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| <u>അടങ്കൽ</u> | :₹373273വികസന ഫണ്ട്<br>471427തനത് ഫണ്ട്<br>₹200000 ബ്ലോക്ക് വിഹിതം<br>₹200000ജില്ലാ പഞ്ചായത്ത് വിഹിതം |
| <u>ചെലവ്</u><br>ബിൽനം./ ചെക്ക്നം ./ തിയ്യതി, തുക | :(1)2/18-19/25-092018....₹183265<br>(2)4/18-19/30-10-2018.........₹97300<br>(3)8/18-19/22-12-2018......₹25175<br>(4)11/18-19/17-01-2019..........₹67533<br>(5)2946677/11-01-2019......₹195810<br>(6)5075332/22-01-2019....₹297217<br>(7)5075356/14-03-2019....₹167800<br>(8)5781306/23-03-2019....₹200000 |

മേൽ പ്രോജക്ടിൽ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയായിരുന്നു ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1)പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട താഴെ പറയുന്ന വിദ്യാർത്ഥികൾ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസക്കാർ ആണ് എന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| രജിസ്റ്ററിലെ ക്രമ.നം. | പേര് | ലഭ്യമാക്കിയ രേഖ പ്രകാരം ഗുണഭോക്താവ് ഉൾപ്പെടുന്ന പഞ്ചായത്ത് |
|---|---|---|
| 8 | കീർത്തന പി.കെ. | പട്ടുവം |
| 12 | മുബഷീർ സി. | പാപ്പിനിശ്ശേരി |
| 36 | അശ്വിനി എ. | ആര്യനാട് |
| 44 | നന്ദന,പി.ടി. | ചെങ്ങളായി |

രേഖകൾ ഹാജരാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരം നിദേഷ് കുമാർ എന്ന വിദ്യാർത്ഥിക്ക് 8500 രൂപ (സ്കോളർ ഷിപ്പ് + ബത്ത) നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച സ്കൂൾ സർട്ടിഫിക്കറ്റിൽ കുട്ടി 2018-19 വർഷം +2 വിദ്യാർത്ഥി ആണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മാർഗ്ഗനിർദ്ദേശ പ്രകാരം അനുവദിക്കാവുന്ന തുക ₹8000 (600x12+800) ആണ്. അധികം നൽകിയ തുക 2019-20 വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്നും ഈടാക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.16/2019 തി.30-08-2019) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

# 1-16 "പുതിയ തുറന്ന കിണർ" പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇരിണാവ് സർക്കിൾ |
| പ്രോജ്കട് നമ്പർ പേര് | 112/18-19, പുതിയ തുറന്ന കിണർ, പട്ടിക ജാതി (ഗാർഹികം) |
| ആകെ അടങ്കൽ | ₹200000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | ₹106800/- |
| ബിൽ നം./ തുക,തിയ്യതി. | 1/18-19 , 15000/-, 6-2-19<br>3/18-19 ,30000/-, 13-3-19<br>5/18-19 , 15000/-, 15-3-19<br>8/18-19, 46800 /-, 26-3-19 |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ നാല് ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണം നടത്തുന്നതിനുവേണ്ടി 15000/- രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ 3 പേർക്ക് മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക 15600/- രൂപ വീതം (ആകെ 30600) നൽകി കിണർ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ഇതിൽ അഡ്വാൻസ് തുക കൈപ്പറ്റിയ ഒരു ഗുണഭോക്താവ് നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം മുൻകൂർ തുക നൽകുന്നതിന് അനുമതിയില്ലാ എന്നിരിക്കെ മുൻകൂർ നൽകിയത് ഏത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. കൂടാതെ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ 14.2.2018 6-6(1) പ്രകാരം പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിലും, മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്കും മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലായെന്നും, മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നും തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (9 /2018-19 ,തീയ്യതി-27-08-2019)-ന് മറുപടി ഹാജരാക്കിയതിൽ പൊതു കുടിവെള്ള സംവിധാനത്തിൽ

നിന്നും വാട്ടർ കണക്ഷൻ ലഭിക്കാൻ സാധ്യതയില്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടത് എന്നും, വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട് എന്നുമാണ് അറിയിച്ചത്. എന്നാൽ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരം "പുതിയ തുറന്ന കിണർ " പദ്ധതി നടപ്പിലാക്കുമ്പോൾ മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം കൂടി ഒരുക്കണം എന്ന് പറയുന്നുണ്ട്. ആയത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് അന്വേഷണത്തി(9 /2018-19 ,തീയ്യതി-27-08-2019)ന് ലഭ്യമാക്കിയ മറുപടിയിൽ മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുമായി സംസാരിച്ചപ്പോൾ കിണർ നിർമ്മാണം പൂർത്തിയായാലുടൻ റീചാർജ്ജിങ് സംവിധാനം ചെയ്യാൻ താല്പര്യമില്ലെന്നും, കിണർ നിർമ്മിച്ചതിനു ശേഷം ഒരു മഴക്കാലം കഴിഞ്ഞ് കിണർ റീചാർജ്ജിങ് സംവിധാനം ഒരുക്കാം എന്നുമാണ് ഗുണഭോക്താക്കൾ അറിയിച്ചത് എന്നാണ് വ്യക്തമാക്കിയത്. ആയതിനാൽ വരും വർഷം പഞ്ചായത്ത് പദ്ധതി വഴിയോ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേനയോ മേൽ സംവിധാനം ഒരുക്കാം എന്നാണ് അറിയിച്ചത്. മാർഗ്ഗരേഖാ വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. കൂടാതെ മുൻകൂർ തുകയായി 15000/- രൂപ കൈപ്പറ്റിയ ഷൈജ എം. എന്നവരുടെ കിണർ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദ വിവരം ചുവടെ

| പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവിന്റ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 107/17-18,19/18-19 | ദിവ്യാ രതീഷ്,കണ്ണപുരം | 360000 |
| 107/17-18,19/18-19 | ഖദീജ.പി കോലത്തുവയൽ | 360000 |
| 19/ 18-19 | ശാരദ .വി.കെ ,കോലത്തുവയൽ | 360000 |
| 19/ 18-19 | സ്വർണ്ണലത.ഇ,ഇരിണാവ് | 300000 |
| 19/ 18-19 | വീനിത് കുമാർ ,കല്ല്യാശ്ശേരി | 360000 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ

ചെയ്യേണ്ടതാണ്.

## 1-18 നെൽകൃഷി-തൊഴിലുറപ്പു പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്

ഓഡിറ്റ് കാലയളവിൽ 66 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിയിട്ടുണ്ട് (വിത്തുവിതരണവും കൂലിച്ചെലവും നല്കിയതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയത്) നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ രേഖയിൽ (ജി.ഒ (എംഎസ്) 22/2018 ത.സ്വ.ഭ.വ തീ.14.02.2018) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം പഞ്ചായത്തിൽ നടത്തിയിട്ടില്ല. തൊഴിലുറപ്പ പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിനും നെൽകൃഷിമേഖലയിലേക്ക് കർഷകരെ ആകർഷിക്കുന്നതിനും ഇത് ഉപകരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-19 പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പൊതുകാര്യക്ഷമത

ഓഡിറ്റ് കാലയളവിൽ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ മൂന്ന് ജീവനക്കാർ മാത്രമാണ് ഉണ്ടായിരുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ- 1, ഓവർസീയർ ഗ്രേഡ് 1 -1, ഓവർസീയർ ഗ്രേഡ് 2 -1 എന്നിങ്ങനെയാണ് ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക്. 2017-18 കാലയളവിലും ഇത് തന്നെയാണ് ജീവനക്കാരുടെ എണ്ണം. ഒരു എഞ്ചിനീയറും പരിമിതമായ സ്റ്റാഫും മാത്രം ഉണ്ടായിരിക്കേ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ വയ്ക്കുകയും ഭൂരിഭാഗവും നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നത് കാണാവുന്നതാണ്. ഓഡിറ്റ് വർഷം 59281379 രൂപ വകയിരുത്തിക്കൊണ്ടുള്ള 129 പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയും അവയിൽ 32012738 രൂപ 91 പ്രവൃത്തികൾക്ക് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആകെ പ്രവൃത്തികൾക്കായി വകയിരുത്തപ്പെട്ട തുകയിൽ 27208641 രൂപ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 38 പ്രോജക്ടുകൾ നിർവ്വഹിക്കാനും കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പൊതുകാര്യക്ഷമതയുടെ കുറവാണ് ഇവിടെ പ്രകടമാകുന്നത്. ഈ കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ)എസ്റ്റിമേറ്റ് തയ്യാറാക്കൽ, പദ്ധതി നടപ്പാക്കൽ തുടങ്ങിയവയിലെ അപാകങ്ങൾ

2018-19 വർഷത്തിൽ താഴെ പട്ടികയിൽ കൊടുത്ത പ്രോജക്ടുകൾ ഭാഗീകമായി മാത്രമേ പ്രോജക്ടിൽ വിഭാവനം ചെയ്യുകയും നിർവ്വഹണം നടത്തുകയും ചെയ്തിട്ടുള്ളൂ.

| ക്ര.ന. | പ്രോജക്ടിന്റെ നമ്പർ, പേര് | പ്രവൃത്തിയുടെ സ്റ്റാറ്റസ് |
|---|---|---|
| 1 | 148/18-19 വയൽകോട്ടം -കോട്ടുമൂല | സോളിംഗ് പ്രവൃത്തി പൂർത്തീകരിച്ചു . ടാറിംഗ് പ്രവൃത്തി ചെയ്യാൻ തൻവർഷം പ്രോജക്ടില്ല. പ്രവൃത്തിപൂർണ്ണമായും പൂർത്തിയാക്കും വിധത്തിൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. |

| | | |
|---|---|---|
| | റോഡ് സോളിംഗ് | |
| 2 | 140/18-19 ഒടിപ്പുറം സൂര്യോദയ റോഡ് സോളിംഗ് | |
| 3 | 57/18-19 പി ഐ മുക്ക് വൃദ്ധസദനം റോഡ് സോളിംഗ് | |
| 4 | 50/18-19 തറമ്മൽ മുക്ക് പത്മജൻ വീട് റോഡ് സോളിംഗ് | |
| 5 | 137/18-19 ചുഴലി ഭഗവതി കുറുമ്പക്കാവ് ലിങ്ക് റോഡ് ടാറിംഗ്. | ഏകദേശം പകുതി ഭാഗം മാത്രം ടാറിംഗ് ചെയ്തിട്ടുണ്ട്. ബാക്കിഭാഗം കൂടി ടാർ ചെയ്താൽ മാത്രമേ പൂർണ്ണമായും ഉപയോഗയോഗ്യമാവുകയുള്ളു. താറിംഗിനായി തെരെഞ്ഞടുക്കപ്പെടുന്ന റോഡുകളുടെ മുഴുവൻ റീച്ചും ആവശ്യമെങ്കിൽ ഒന്നിച്ച് താർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാഗികമായി പ്രവൃത്തി നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. |
| 6 | 138/18-19 ചുഴലി ഭഗവതി കുറുമ്പക്കാവ് കുളം റോഡ് ടാറിംഗ്. | |
| 7 | 139/18-19 കരിക്കാട്ട് മുത്തപ്പൻകോട്ടം വെള്ളാഞ്ചിറ റോഡ പുനരുദ്ധാരണം. | |
| 8 | 250/18-19 തിക്കൻപീടിക കുറുമ്പക്കാവ് | |

| | | |
|---|---|---|
| | ലിങ്ക് റോഡ് ടാറിംഗ്. | |
| 9 | 62/18-19 കീച്ചേരി മുണ്ടവളപ്പ് സൗത്ത് യു പി സ്കൂൾ റോഡ് ടാറിംഗ് | |
| 10 | 240/18-19 ഹൈറു കോപ്ലക്സ് ഈച്ച കൃഷ്ണൻ റോഡ് ടാറിംഗ് | |
| 11 | കുറക്കനാൽ അങ്കണവാടി നിർമ്മാണം | സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന പ്ലാസ്റ്ററിംഗ്, ടൈൽ പാകൽ, സെപ്റ്റിക് ടാങ്ക് നിർമ്മാണം തുടങ്ങിയവ ബാക്കി നിൽക്കുന്നതിനാൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റുകൾ പൂർണ്ണമായി തയ്യാറാക്കേണ്ടതാണ്. |
| 12 | ചെക്കിക്കുണ്ട് വനിതാ വികസന കേന്ദ്രം. | കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ വർക്ക് ചെയ്യാൻ ബാക്കിനിൽക്കുന്നതിനാൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. |

മേൽ പട്ടികയിൽ വിശദീകരിച്ചത് പ്രകാരം മരാമത്ത് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണം എന്നിവ ഭാഗീകമായതിനാൽ, പ്രവൃത്തികളുടെ ഗുണഫലം നടപ്പ് വർഷത്തിൽ തന്നെ ജനങ്ങൾക്ക് അനുഭവവേദ്യമാക്കുവാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കൽ, നടപ്പാക്കൽ തുടങ്ങിയവയിൽ സാമാന്യഗതിയിൽ പുലർത്തേണ്ട സൂക്ഷ്മത ഉറപ്പാക്കാൻ സാധിച്ചാൽ ഈവക പോരായ്മകൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച് മരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും പൂർത്തിയാക്കാൻ കഴിയും വിധം വിഭവ വിന്യാസം നടത്തുന്നത് ഫലപ്രാപ്തിയിലെത്താനുള്ള ഉചിതമായ മാർഗ്ഗമാണ്.

<u>ബി.മരാമത്ത് പ്രോജക്ട് ഫയലിൽ ആവശ്യമായ രേഖകൾ ഇല്ലാത്തതും ഉള്ളതിലെ പോരായ്മകളും</u>

പരിശോധനക്ക് വിധേയമാക്കിയ ഭൂരിപക്ഷം മരാമത്ത് പ്രോജക്ട് ഫയലുകളും (ഉദാ:- തങ്ങൾമുക്ക് മാര്യമംഗലം റോഡ് റീ ടാറിംഗ് ( പ്രോജക്ട് നമ്പർ 57/17-18, 225/18-19)) പരിശോധിച്ചപ്പോൾ താഴെ കൊടുത്ത പ്രകാരമുള്ള രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല.

എ.) എസ്റ്റിമേറ്റ് റിപ്പോർട്ട്.

ബി.) ടെണ്ടർ നോട്ടീസ്

സി.) വിജയിയായ ബിഡ്ഡറെ അംഗീകരിച്ച പഞ്ചായത്ത് തീരുമാനം

ഡി.) സെലക്ഷൻ നോട്ടീസ്

ഇ.) ഇ എം ഡി തിരിച്ച് നൽകിയതിന്റെ രേഖകൾ

എഫ്.) സൈറ്റ് കരാറുകാരന് കൈമാറിയ രേഖയിൽ തീയ്യതി സഹിതമല്ല കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും ഒപ്പ് വെച്ചത്.

ജി.) പ്രോജക്ട് പൂർത്തീകരണപത്രം

എച്ച്.) പ്രവൃത്തി പൂർത്തീകരിച്ച് സൈറ്റ് കരാറുകാർ പഞ്ചായത്തിനെ തിരിച്ചേൽപ്പിച്ചതിന്റെ രേഖ

ഐ.) സൈറ്റ് പ്ലാൻ
ജെ.) സാങ്കേതികാനുമതിയുടെ തീയ്യതി രേഖപ്പെടുത്തുന്നില്ല.

മരാമത്ത് ഫയലിൽ രേഖകൾ നാൾവഴി വളർച്ചക്ക് അനുസൃതമായി വിന്യസിക്കണം.
ഉദാഹരണമായി ഇവിടെ വിവരിച്ച അപാകങ്ങൾ ഭൂരിഭാഗം മരാമത്ത് ഫയലിലും നിലവിലുണ്ട്. പരാമർശിക്കപ്പെട്ട അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

<u>സി. രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.</u>

1.ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ അവശ്യമായും രേഖപ്പടുത്തേണ്ട വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2.എഗ്രിമെന്റ് രജിസ്റ്ററിൽ എസ്റ്റിമേറ്റ് തുക, പിഎസി തുക, സെക്യൂരിറ്റി ഡപ്പോസിറ്റ് തുക, കരാർ ചമച്ച തീയ്യതി തുടങ്ങിയവയും ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി, ഇഎംഡി തുക, ഇഎംഡി തിരിച്ച് നൽകിയതിന്റെ രശീതി, ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പറും തീയ്യതിയും രേഖപ്പെടുത്തിയിട്ടില്ല.

<u>ഡി.രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

മരാമത്തുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കേണ്ട താഴെ കൊടുത്ത രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

1.പ്രോജക്ട് രജിസ്റ്റർ

2. എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

3. ദർഘാസ് ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

4. ഇ എം ഡി രജിസ്റ്റർ

5. പെർഫോമൻസ് ഗ്യാരന്റി രജിസ്റ്റർ/സെക്യൂരിറ്റി രജിസ്റ്റർ

6. അടങ്കൽ അനുമതി രജിസ്റ്റർ
മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-20 മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ

# കാലാവധി ദീർഘീകരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ (2012 ൽ പുതുക്കിയത്,ജി.ഒ(പി) 2012/PWD/01-02-2012 ) സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള (ഡിപ്പാർട്ട്മെന്റിലെ ,നിർമ്മാണഘട്ടത്തിലെ ഡിസൈൻ & നിർമ്മാണപ്രശ്നങ്ങൾ മൂലമോ) പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. കാലാവധി ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാവുന്നതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവ് അത് നൽകാം) . സെക്ഷൻ 2112-1 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒറിജിനൽ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള കാലാവധി ഭരണസമിതി അംഗീകരിച്ചാൽ സെക്ഷൻ 2112-1 പ്രകാരം പിഴയടച്ച് മാത്രം കാലാവധി ദീർഘിപ്പിക്കാം. ഇതിന് സപ്ലിമെന്ററി കരാർ വെക്കുകയും വേണം. പദ്ധതി നിർവ്വഹണത്തിൽ മേൽ നിബന്ധനകൾ പാലിക്കേണ്ടതാണ്.

എ) തങ്ങൾ മുക്ക് കാര്യമംഗലം റോഡ് റീടാറിംഗ് പ്രവൃത്തി:- പൂർത്തീകരണ സമയ ദീർഘിപ്പിച്ച് നൽകിയ പിഴ ഈടാക്കിയതിൽ കുറവ് – കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

| ക്ര.ന 1 | പ്രവൃത്തിയുടെ വിവരം 2 | പി.എ.സി തുക 3 | കരാർ പ്രകാരം പൂർത്തീകരണ തീയ്യതി 4 | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി 5 | പൂർത്തീകരണത്തിനെടുത്ത അധിക സമയം 6 | പിഴ | | |
|---|---|---|---|---|---|---|---|---|
| | | | | | | ഈടാക്കേണ്ട തുക 7 | ഈടാക്കിയ തുക 8 | കുറവ് തുക 9 |
| 1 | തങ്ങൾമുക്ക് മാര്യമംഗലം റോഡ് റീ ടാറിംഗ് ( പ്രോജക്ട് നമ്പർ 57/17-18, 225/18-19)) അടങ്കൽ തുക : 550000 രൂപ (തനത് ഫണ്ട് - 100000, | 534094 രൂപ | 22-07-18 (4 മാസം ) | 29-1-19 | 191 ദിവസം | 16023 (534094 X 3%) | 10548 | 5475 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മെയിന്റനൻസ് ഫണ്ട് (റോഡ്)- 450000 രൂപ)<br><br>കരാറുകാരൻ: രവീന്ദ്രൻ വി കെ<br><br>എം ബുക്ക് നമ്പർ 57/17-18<br><br>ആകെ പ്രവൃത്തി മൂല്യം 527265 രൂപ<br><br>ബിൽ നമ്പർ 62/20.3.19 450000 രൂപ<br><br>ചെക്ക് നമ്പർ 027080: 38462 രൂപ ( ആകെ തുക 40288)<br><br>എഗ്രിമെന്റ് നമ്പർ തീയ്യതി : 57/17-18 ,23 .3. 18 | | | | | | | |

മേൽ പ്രസ്താവിച്ച പ്രകാരം 5475 രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-21 കല്ല്യാശ്ശേരി വനിതാ വ്യവസായ കേന്ദ്രം പൂർത്തീകരണം (ചെക്കിക്കുണ്ട്) ബിഡ്ഡേഴ്സ് ഒപ്പിടാത്ത ടെണ്ടർ ഫോറങ്ങൾ സ്വീകരിച്ച് അംഗീകരിച്ചു

| | |
|---|---|
| പ്രോജ്കട് നമ്പർ | 221/18, 191/19 |
| അടങ്കൽ | ₹ 300000 വികസന ഫണ്ട് |
| | |

| | |
|---|---|
| എം ബുക്ക് നമ്പർ | 45/17-18 |
| എഗ്രിമെന്റ് നമ്പർ,തീയ്യതി | 45/17-18 , 2.3.18 |
| ആകെ പ്രവൃത്തി മൂല്യം | ₹ 200693 |

മേൽ പ്രവൃത്തിയുടെ ടെണ്ടറുമായി ബന്ധപ്പെട്ട് 15.2.18 ന് രണ്ട് ടെണ്ടർ സമർപ്പിച്ചിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. ശ്രീ സി പി അയൂബ് ( എസ്റ്റിമേറ്റ് നിരക്ക് )

2. ശ്രീ അബ്ദുൾ റഷീദ് ( 5% എസ്റ്റിമേറ്റ് നിരക്കിൽ അധികം)

ഈ രണ്ട് ബിഡ്ഡറും ടെണ്ടർ ഫോറത്തിലും ടെണ്ടർ ഷെഡ്യൂളിലും ഒപ്പ് വെച്ചിട്ടില്ല. ഒപ്പ് വെക്കാത്ത ടെണ്ടർ ഫോറമാണ് സ്പീഡ് പോസറ്റിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ആപ്പീസിലേക്ക് അയച്ചുകൊടുത്തത്. ടെണ്ടർ തുറന്നു നോക്കുന്ന സമയത്ത് തന്നെ ഇത്തരം അപാകമുള്ള ടെണ്ടറുകൾ തള്ളിക്കളയേണ്ടതായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സി പി അയൂബിന്റെ ടെണ്ടർ അംഗീകരിച്ച് ടിയാനുമായി കരാർ വെച്ച് പ്രവൃത്തി ഏൽപ്പിക്കുകയാണ് ഉണ്ടായത്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള ഈ നടപടി ഓഡിറ്റ് ഗൗരവമായി കാണുന്നു. ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 31.08.2019--ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/2018-19 16.09.2019) ഇ-മെയിൽ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ ഫോറത്തിൽ ഒപ്പിടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കരാറുകാരൻ എഗ്രിമെന്റ് വെച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

# 1-22 ഫിഷറീസ് സബ് ഇൻസ്പെക്ടർ - രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

കല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ ചെലവു തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1.ട്രഷറി ബിൽ ബുക്ക്.

2.സബ്സിഡിയറി ക്യാഷ് ബുക്ക്.

ഇത് സബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 2/17-18 തീ. 24.08.19) രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിരുന്നു. എങ്കിലും മേൽ കാണിച്ച രജിസ്റ്ററുകൾ ഹാജരാക്കിയില്ല. രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

# 1-23 ബാലസഭാ ശാക്തീകരണം പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല

പ്രോജക്റ്റിന്റെ പേര് - ബാലസഭാ ശാക്തീകരണം

പ്രോജക്റ്റ് നം - 122/19

അടങ്കൽ - 45000/-(വികസന ഫണ്ട്)

ബിൽ നമ്പർ /തീയ്യതി ,തുക - 32/18-19 , 18-1-19 ,45000/-

വി.ഇ.ഒ ( കല്ല്യാശ്ശേരി സർക്കിൾ)നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 45000/- രൂപ ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിലെ ഒരു വാർഡിൽ നിന്നും 5 വീതം ബാലസഭ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 2 ദിവസങ്ങളിലായി പഞ്ചായത്ത് തലത്തിൽ സർഗ്ഗാത്മക രചനാ ക്യാമ്പ് സംഘടിപ്പിക്കുകയും ക്യാമ്പിൽ വെച്ച് കഥാരചന, കവിതാ രചന എന്നിവയിൽ പരിശീലനം നൽകി കുട്ടികളുടെ സർഗ്ഗവാസന രചനകളായി പുസ്തക രൂപത്തിൽ പ്രസിദ്ധികരിക്കുക എന്നതായിരുന്ന പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രകാരം രണ്ട് ദിവസം ക്ലാസ് നടത്തുകയും,ഒരു ദിവസം പഠന യാത്ര നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുട്ടികളുടെ സർഗ്ഗവാസനകൾ പുസ്തക രൂപത്തിൽ ആക്കിയതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18-19, തീയ്യതി- 29-8-19) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 97/18-19 ,അയ്യങ്കാളി കോളനി പൈപ്പ് ലൈൻ നീട്ടൽ |
| ആകെ അടങ്കൽ | ₹54000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | ₹54000/- |
| ബിൽ നം./ തുക,തീയ്യതി. | 7/18-19 , 54000/-, 10-12-18 |

മേൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി എക്സിക്യൂട്ടിവ് എഞ്ചീനിയർ , KWA ,W S ഡിവിഷന് (അക്കൗണ്ട് നമ്പർ 6733844740, എസ്.ബി.ഐ. തളിപ്പറമ്പ് ബ്രാഞ്ച്) 10-12-18തീയ്യതിക്ക് 54000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 10/2018-19തീയ്യതി-27-08-2019 ന് മറുപടി ഹാജരാക്കിയതിൽ 10-7-18 ന് കത്ത് നൽകിയിട്ടുണ്ട് എന്നും ലഭിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-25 കുട്ടികളുടെ സഹവാസ ക്യാമ്പ്-മാർഗരേഖ വ്യതിചലനം

എൽ.പി /യു.പി തലത്തിലുള്ള കുട്ടികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി ₹1,30,000

(പ്ലാൻ ഫണ്ട്) അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കുട്ടികളുടെ സഹവാസ ക്യാമ്പ് (പ്രോ.നം.33/19). ഇതിനായി ₹117316 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകങ്ങൾ കണ്ടു.

1) സഹവാസ ക്യാമ്പിനെ തുടർന്ന് കുട്ടികൾ സ്വായത്തമാക്കിയ കഴിവ് പ്രദർശിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ അവസരങ്ങൾ ഒരുക്കുമെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടി എന്തെന്ന് വ്യക്തമല്ല.

2) ക്യാമ്പിന്റെ ഭാഗമായി കുട്ടികളെ കളരി, ഒറിഗാമി, യോഗ എന്നിവ പരിശീലിപ്പിച്ചതായി കാണുന്നു. ഈ മേഖലയിൽ യോഗ്യത നേടിയവർ തന്നേയാണോ പരിശീലനം നല്കിയതെന്നും പരിശീലകരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമല്ല.

കൂടാതെ ത.സ്വ.ഭ. സ്ഥാപനങ്ങളുടെ പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട മാർഗരേഖയുടെ [ജി.ഒ (എംഎസ്) 22/2018 ത.സ്വ.ഭ.വ തീ.14.02.2018] ഖണ്ഡിക 8.4 ൽ ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉല്ലാസ-പഠന യാത്രകൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്ടിന്റെ ഭാഗമായി ഉല്ലാസ യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്.

പദ്ധതി പണം ചെലവഴിക്കുന്നതിന് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-26 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ- സ്ഥാപനങ്ങൾ കാലാവധി തീരാറായ മരുന്നുകൾ വിതരണം ചെയ്യുന്നു

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ (പ്രോ.നം.10/19) ഭാഗമായി പ്ലാൻ ഫണ്ടിൽ നിന്ന് ₹1,00,000 ചെലവഴിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ന്യൂലാൽ എന്റർ പ്രൈസസ്,പയ്യന്നൂർ എന്ന സ്ഥാപനം നല്കിയ 40 ഇനങ്ങളിൽ (07.09.2018ൽ നല്കിയ സപ്ലൈ ഓർഡർ പ്രകാരം) 25% മരുന്നുകളും 2019ൽ കാലാവധി തീരുന്നവയായിരുന്നു. ഇതുപോലെ ഒറിജിൻ ഫാർമസ്യൂട്ടിക്കൽസ് , തിരുവനന്തപുരം എന്ന സ്ഥാപനം വിതരണം ചെയ്ത മരുന്നുകളും സപ്ലൈ ഓർഡർ നല്കിയ തീയ്യതിക്കടുത്ത് കാലാവധി തീരുന്നവയായിരുന്നു. ഇക്കാര്യം നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും മരുന്നിനുള്ള സപ്ലൈ ഓർഡർ നല്കുമ്പോൾ മരുന്നിന്റെ കാലാവധി സംബന്ധിച്ച പരാമർശം (സപ്ലൈ ഓർഡർ നല്കുമ്പോൾ ചുരുങ്ങിയത് 2 വർഷ കാലാവധി) ഉൾപ്പെടുത്താവുന്നതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.08/18-19 തീ.27.08.2019) മറുപടിയിൽ കാലാവധി തീരാറായ മരുന്നുകൾ തിരിച്ചയക്കാറുണ്ടെന്നും വരും വർഷങ്ങളിൽ സപ്ലൈ ഓർഡർ നല്കുമ്പോൾത്തന്നെ രണ്ടു വർഷമെങ്കിലും കാലാവധിയുള്ള മരുന്നുകൾ ഓർഡർ ചെയ്യാൻ ശ്രദ്ധിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

# 1-27 ആരോഗ്യ മേഖല - വിവിധ പദ്ധതികളിൽ മരുന്ന്

# ലഭ്യമായില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ മരുന്നുകൾ സമയബന്ധിതമായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | പ്രോജക്റ്റ് നം., പേര് | 21/19,പാലിയേറ്റീവ് കെയർ | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.കല്ല്യാശ്ശേരി. | |
| | അടങ്കൽ | ആകെ:₹750000/-<br>:₹5,00,000/-വികസന ഫണ്ട്<br>:₹50,000/-തനത് ഫണ്ട്<br>:₹2,00,000/-ജില്ലാ പഞ്ചായത്ത് വിഹിതം | |
| | ചെലവ് | ₹575811/- | |
| | ലഭ്യമാകാത്ത മരുന്നിന്റെ വിവരം | 1.പ്രൊഫോർമ ഇൻവോയ്സ് നം. | 1750/16-10-2018<br>₹62642/ |
| | | ലഭ്യമാകാൻ ബാക്കിയുള്ളത് | ₹8237 |
| | | 2.പ്രൊഫോർമ ഇൻവോയ്സ് നം | PRF3714/03-01-19<br>₹65565/- |
| | | ലഭ്യമാകാൻ ബാക്കിയുള്ളത് | ₹50815 |
| 2. | പ്രോജ്കട് നമ്പർ പേര് | 32/18-19 ആയുർവേദ ആശുപത്രിക്കും എൻ.ആർ.എച്ച് ഡിസ്പെൻസറിക്കും അവശ്യ മരുന്നുകൾ | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഗവ.ആയുർവേദ ആശുപത്രി) | |
| | അടങ്കൽ | ₹1195000/-<br>₹292500വികസന ഫണ്ട്(ജനറൽ)<br>₹270400(തനത് ഫണ്ട്)<br>₹632100മെയിന്റനൻസ് ഫണ്ട്(റോഡിതരം) | |
| | ചെലവ് | ₹1195000 | |
| | ലഭ്യമാകാത്ത | | |

| | | | |
|---|---|---|---|
| | മരുന്നിന്റെ വിവരം | 1.പ്രൊഫോർമ ഇൻവോയ്സ് നം. | നം.58335/17-08-2018<br>₹270400 |
| | | ലഭ്യമാകാൻ ബാക്കിയുള്ളത് | ₹7497 |
| 3 | പ്രോജക്ട് നം.,പേര് | 12/19,ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്കും ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ഹോമിയോയ്ക്കുംമരുന്നുവാങ്ങൽ | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി. | |
| | അടങ്കൽ | ആകെ:₹3,00,000/-<br>:₹1,00,000/-വികസന ഫണ്ട്<br>:₹2,00,000/-മെയിന്റനൻസ് ഫണ്ട് -റോഡിതരം | |
| | ചെലവ് | ₹3,00,000/- | |
| | ലഭ്യമാകാത്ത മരുന്നിന്റെ വിവരം | കൈപ്പറ്റ് രസീത് നം. | 1035/28-01-19&1034/28-01-2019<br>₹3,00,000/- |
| | | ലഭ്യമാകാൻ ബാക്കിയുള്ളത് | ₹3,00,000/- |

ലഭ്യമാകാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരങ്ങൾ വർഷം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2018-19 | 08.07.2019 , 09.07.2019 | കെ.എസ്.എ./കെ.എൻ.ആർ./ സി.12/1311/2019 17.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | ലൈഫ് ഭവനനിർമ്മാണം 19/19 | 1500000 | 0 |
| | | 195810 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 24/19 | 195810 | 0 |
| | | 21300 | ഒന്നാം ക്ലാസ് ഒന്നാം തരമാക്കൽ 114/19 | 21300 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലുല്പാദന സബ്സിഡി 5/19 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 561000 | നെൽക്യഷിക്ക് വിത്തു വിതരണവും കൂലിച്ചെലവ് സബ്സിഡി അനുവദിക്കലും,81/19 | 561000 | 0 |
| | 2018-19 | 200000 | സ്വയം പര്യാപ്ത കിഴങ്ങു കൃഷി ഗ്രാമം, 88/19 | 200000 | 0 |
| | 2018-19 | 65565 | പാലിയേറ്റീവ് പരിചരണം,21/19 | 65565 | 0 |
| | 2018-19 | 411230 | ലൈഫ് ഭവനനിർമ്മാണം,ജനറൽ,19/19 | 411230 | 0 |
| | 2018-19 | 200000 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്,24/19 | 200000 | 0 |
| | 2018-19 | 7100 | ഒന്നാംക്ലാസ് ഒന്നാംതരമാക്കൽ,114/19 | 7100 | 0 |
| | 2017-18 | 149744 | ഇരിണാവ് ചുഴലി ഭഗവതി ക്ഷേത്രം റോഡ് ടാറിംഗ്,253/19-SO | 90805 | 58939 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 100000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ,5/19 | 100000 | 0 |
| | 2017-18 | 2490000 | വയോജന വ്യായാമ കേന്ദ്രം നിർമ്മാണം<br>200/2019-SO | 2490000 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ്, | 5/23.6.19 | 225144 | 0 | 225144 |
| കെ ഡബ്ല്യു എ | അംഗൻവാടികൾക്കും ഘടകസ്ഥാപനങ്ങൾക്കും കുടിവെള്ളം, | 4/22.6.19 | 121000 | 0 | 121000 |
| കെ ഡബ്ല്യു എ | അയ്യങ്കാളി കോളനിക്ക് പൈപ്പ് ലൈൻ നീട്ടൽ | 7/18-19<br>10.12.18 | 54000 | 0 | 54000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഇല്ല

# 4-5 വായ്പ , വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ 714570രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം |
|---|---|---|---|---|---|

| | | (തൻവർഷം എടുത്ത വായ്പ) | തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി- ലൈഫ് ഭവനനിർമ്മാണം | ജി.ഒ. (എം.എസ്) നമ്പർ 68/2018 എൽ എസ് ജി ഡി തീയ്യതി.18.5.18 | 714570 | ० | 0 | 0 | 714570 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ, ഇൻവെസ്റ്റ്മെന്റുകൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ സർട്ടിഫിക്കറ്റ് മൂല്യം | 21000 |
| തൻവർഷം നിക്ഷേപിച്ച തുക | ० |
| ആകെ | 21000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 21000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോർപ്പറേഷൻ | 28.12.2004 | - | 20000 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 211/28.12.14 |
| 2 | കണ്ണൂർ ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | - | - | 1000 | 379 |
| | | | ആകെ | 21000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഈടാക്കിയ 2455 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം,ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2009-10 | 3-3 | 180 | ഐസിഡിഎസ് സൂപ്പർവൈസർ | 118020104184/25.9.18 |
| 2001-02 | 8 | 800 | സുരേന്ദ്രൻ നായർ | 108020105513/31.10.18 |
| 2002-03 | 3-2 | 195 | സുരേന്ദ്രൻ നായർ | 118020105513/31.10.18 |
| 2002-03 | 3-19b | 980 | സുരേന്ദ്രൻ നായർ | 118020105513/31.10.18 |
| 2007-08 | 2-5 | 300 | ഹെഡ് മാസ്റ്റർ, ദാരുൽ ഇമാൻ സ്കൂൾ | 118020109223/16.2.19 |
| | ആകെ | 2455 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | വിഷയാധിഷ്ഠിത അവലോകനം | 2009-10 | 2-3 | ഗ്രാമസഭയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല | നിയമ സഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | ഭാഗം-1 പൊതു അവലോകനം വികസനഫണ്ട് | 2009-10 | 2-5 | വികസന ഫണ്ട് വിനിയോഗം | നിയമ സഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിയമ സഭാസമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിൽ |
| | | | | | |

## 4-9 ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85554861 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79138611 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ഇല്ല |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)കേന്ദ്ര സംസ്ഥാന സർക്കാറുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 4 | |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 1 | |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 1 | |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 2 | |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 3 | |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 1 | |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 2 | |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 | 1 | |
| 2016-17 | ഇല്ല | | |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./ സി.12/2058/18 തീയ്യതി 29.06.2019 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.12/1546/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 17.10.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-2-1</u> <u>റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u>

| | | | |
|---|---|---|---|
| Kalliassery Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25322043.11 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1831340.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 825073.00 |
| 150000000 | Sale & Hire Charges | RP-5 | 523926.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43279619.00 |
| 171000000 | Interest Earned | RP-9 | 369640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6599109.00 |
| 350000000 | Other Liabilities | RP-36 | 2239525.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 250776.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4462.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 15792.00 |
| 330000000 | Secured Loans | RP-32 | 714570.00 |
| 340000000 | Deposits Received | RP-34 | 537086.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 364662.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 27999281.00 |
| | Grand total | | 110876904.11 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3609294.00 |
| 220000000 | Administrative Expenses | RP-12 | 1178986.00 |
| 230000000 | Operations & Maintenance | RP-13 | 1584315.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4897041.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19932789.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5257907.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 387009.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 245120.00 |
| 255000000 | Maintenance Projects | RP-20 | 8562283.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | -67615.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 975429.00 |
| 350000000 | Other Liabilities | RP-36 | 6634429.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1970.00 |
| 280000000 | Prior Period Item | RP-26 | -17737.00 |
| 311000000 | Earmarked Funds | RP-29 | 20000.00 |
| 340000000 | Deposits Received | RP-34 | 341909.00 |
| 350000000 | Other Liabilities | RP-36 | 2599670.00 |
| 410000000 | Fixed Assets | RP-38 | 17005618.00 |
| 412000000 | Capital work in Progress | RP-40 | 4618424.00 |
| 460000000 | Loans, Advances and Deposits | RP-47 | 371770.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 31738293.11 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 110876904.11 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kalliassery Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7123810.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 502842.00 |
| 140000000 | Fee & User Charges | I-4(b) | 1144351.00 |
| 150000000 | Sale & Hire Charges | I-5(b) | 1341176.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 116207181.00 |
| 171000000 | Interest Earned | I-8 | 369640.00 |
| 180000000 | Other Income | I-9 | 4462.00 |
| | Total Income | | 126693462.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10252982.00 |
| 220000000 | Administrative Expenses | I-11(b) | 1178986.00 |
| 230000000 | Operations & Maintenance | I-12(b) | 1896315.00 |
| 240000000 | Interest & Finance Charges | I-13 | 1970.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6346046.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 30867229.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5713430.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 387009.00 |
| | | | |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 54896820.00 |
| 255000000 | Maintenance Projects | I-14(e) | 8562283.00 |
| | | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 270000000 | Provisions and Write off | I-16 | 2357.00 |
| 272000000 | Depreciation | I-17(a) | 4490385.00 |
| | Total Expenditure | | 125595812.00 |
| | Gross Surplus/ Deficit of income over Expenditure | | 1097650.00 |
| 280000000 | Prior Period Item | I-18 | -95136.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1192786.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Kalliassery Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 48667135.57 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 21669.00 |
| 312000000 | Reserves | B-3 | 34644258.00 |
| | Total Reserve & Surplus | | 83333062.57 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7388252.00 |
| | Total Grants, Contributions for Specific Purposes | | 7388252.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 714570.00 |
| | Total Loans | | 714570.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1532867.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1580179.54 |
| | Total Current Liabilities and Provisions | | 3113046.54 |
| | TOTAL LIABILITIES | | 94548931.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 72216295.00 |
| 411000000 | Accumulated Depreciation | B-11 | -13042987.00 |
| 412000000 | Capital Work in Progress | B-11(a) | 1384302.00 |
| | Total Fixed Assets | | 60557610.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 21000.00 |
| | Total Investments | | 21000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 105179.00 |
| 450000000 | Cash and Bank Balance | B-17 | 31738293.11 |
| 460000000 | Loans, Advances and Deposits | B-18 | 2126849.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 33970321.11 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 94548931.11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.